കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

www.lfa.kerala.gov.in

# മുണ്ടൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-2019

e-mail-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-പികെഡി.17-575/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി – 04.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുണ്ടൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി.17-575/2020 തീയതി - 04-06-2020

## പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-10-2018 മുതൽ 29-11-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എൻ.സതീശൻ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29-11-2019 മുതൽ 09-12-2019 വരെ |

| | |
|---|---|
| ശ്രീ.റോബർട്ട്.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.യു.ബിജു ആന്റണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാജൻ കെ.വി | സീനി.ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷഹീർ .എസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.കെ.കുട്ടികൃഷ്ണൻ | 1-4-18 മുതൽ 13-6-18വരെ |
| | ശ്രീമതി.മൻജു.സി | 14-6-18 മുതൽ 09-7-18വരെ |
| | ശ്രീ.എം.കെ.കുട്ടികൃഷ്ണൻ | 10-7-18 മുതൽ 30-9-18വരെ |
| | ശ്രീമതി.മൻജു.സി | 1-10-18 മുതൽ 22-10-18വരെ |
| | | |

| | | |
|---|---|---|
| | ശ്രീ.എം.കെ.കുട്ടികൃഷ്ണൻ | 23-10-18 മുതൽ 4-11-18വരെ |
| | ശ്രീമതി.മൻജു.സി | 5-11-18 മുതൽ 17-11-18വരെ |
| | ശ്രീ.എം.കെ.കുട്ടികൃഷ്ണൻ | 18-11-18 മുതൽ 12-3-19വരെ |
| | ശ്രീമതി.മൻജു.സി | 13-3-19 മുതൽ 31-3-19വരെ |
| സെക്രട്ടറി | ശ്രീ. മുരളീധരൻ ടി.കെ | 1-4-18 മുതൽ 02-10-18വരെ |
| | ശ്രീ. ചന്ദ്രൻ. വി, | 03-10-18 മുതൽ 25-03-2019വരെ |
| | ശ്രീ. വിനിഷ അച്യുതൻ | 25-03-2019മുതൽ 31-03-19വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമനം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസി.സെക്രട്ടറി | ശ്രീ. ചന്ദ്രൻ. വി | 1-4-18 മുതൽ 31-03-19വരെ |
| 2 | അസി.എഞ്ചിനീയർ | ശ്രീമതി.ഷിജി | 1-4-18 മുതൽ 31-03-19വരെ |
| 3 | കൃഷി ഓഫീസർ | ശ്രീമതി. സ്മിത സാമുവൽ | 1-4-18 മുതൽ 23-06-18വരെ |
| | | ശ്രീമതി. രശ്മി.ജെ | 23-06-18മുതൽ 07-03-19വരെ |
| | | ശ്രീമതി. രേശ്മ.ടി.എൻ | 07-03-19 മുതൽ 31-03-19വരെ |
| 4 | മെഡിക്കൽ ഓഫീസർ PHC | ഡോ. അർച്ചന. എൻ | 1-4-18 മുതൽ 31-03-19വരെ |
| 5 | മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.കേശവപ്രസാദ്. എൻ. | 1-4-18 മുതൽ 15-7-2018 |
| | | ഡോ.എ.ഗീത | 15-07-2018 മുതൽ 31-03-19വരെ |
| 6 | വെറ്ററിനറി സർജ്ജൻ | ശ്രീ. ഗോപാലകൃഷ്ണൻ.എം.എ | 1-4-18 മുതൽ 31-03-19വരെ |
| 7 | വി.ഇ.ഒ | ശ്രീ. മണികണ്ഠൻ. എൻ | 1-4-18 മുതൽ 31-03-19വരെ |
| 8 | ICDS സൂപ്പർവൈസർ | ശ്രീമതി. പ്രീത. സി | 1-04-18 മുതൽ 31-08-19വരെ |
| | | ശ്രീമതി.സുജ.കെ.കെ | 1-09-18 മുതൽ 31-03-19വരെ |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ബിന്ദു. എൻ | 1-4-18 മുതൽ 31-03-19വരെ |

| | | | |
|---|---|---|---|
| 10 | ഹെഡ്മിസ്ട്രസ് | ശ്രീമതി. കല്ല്യാണികുട്ടി.എൻ.വി. | 1-4-18 മുതൽ 31-03-19വരെ |

ഭാഗം 1

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | പദ്ധതി അവലോകനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | തൊഴിൽനികുതി – അപാകതകൾ പരിഹരിക്കേണ്ടതാണ് |
| 12 | 1-12 | പഞ്ചായത്ത് ലൈസൻസ് – അപാകതകൾ പരിഹരിക്കേണ്ടതാണ് |
| 13 | 1-13 | കെട്ടിട വാടക – അപാകതകൾ പരിഹരിക്കേണ്ടതാണ് |
| 14 | 1-14 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് |
| 15 | 1-15 | സ്ഥലം ലീസിന് നൽകിയത് - അപാകതകൾ പരിഹരിക്കേണ്ടതാണ് |
| 16 | 1-16 | മരുന്ന് വാങ്ങൽ - മാർഗ്ഗരേഖ വ്യവസ്ഥകൾ പാലിച്ചില്ല |
| 17 | 1-17 | പാല മരം ലേലം - നടപടിക്രമങ്ങൾ പാലിച്ചില്ല |
| | | |

| | | |
|---|---|---|
| 18 | 1-18 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുമ്പോൾ പിഴ ഈടാക്കിയിട്ടില്ല.ആയത് ഈടാക്കേണ്ടതാണ്. |
| 19 | 1-19 | മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്. |
| 20 | 1-20 | മരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റുകൾ വൈകി വെച്ചിട്ടും നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല. |
| 21 | 1-21 | കാലാവധിക്കുള്ളിൽ എഗ്രിമെന്റ് ചെയ്തിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 22 | 1-22 | അർഹതയില്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നൽകി |
| 23 | 1-23 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു |
| 24 | 1-24 | പി.വി.സി വാട്ടർ ടാങ്ക് പ്രൊജക്ടുകൾ -ഗുണനിലവാരം ഉറപ്പുവരുത്തണം |
| 25 | 1-25 | ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല |
| 26 | 1-26 | കാർഷിക പ്രൊജക്ടുകൾ -ഗുണഭോക്തൃവിഹിതം പിരിക്കുന്നത് ക്രമപ്രകാരമല്ല |
| 27 | 1-27 | റെയ്ഡ്കോയിൽ നിന്നുള്ള വാങ്ങലുകൾ -ക്രമ പ്രകാരമല്ല |
| 28 | 1-28 | ഉപയോഗശൂന്യമായ കൊയ്ത്ത്,നടീൽ യന്ത്രങ്ങൾ ലേലം നടത്തണം |
| 29 | 1-29 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗരേഖകൾ ഹാജരാക്കണം |
| 30 | 1-30 | കായിക പരിശീലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. |
| 31 | 1-31 | കുട്ടികൾക്ക് കലാ കായിക മേള - സബ്സിഡി വ്യവസ്ഥകൾ പാലിച്ചില്ല |
| 32 | 1-32 | ലൈഫ് ഭവന പദ്ധതി - തുക തിരികെ ഈടാക്കുന്നത് |

ഭാഗം 2

ഒന്നുമില്ല.

ഭാഗം 3

| | | |
|---|---|---|
| 1 | 3-1 | മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്. |

ഭാഗം 4

| | | |
|---|---|---|
| 1 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 2 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 3 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 5 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 6 | 4-6 | സ്ഥിര നിക്ഷേപം |
| 7 | 4-7 | ഓഡിറ്റ് റിക്കവറി |
| 8 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 9 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 10 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 11 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

24-03-2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 31-01-2019തീയതിയിലെ 4-(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 20-4-2019 | -- | -- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10710005 |
| വരവ് | 110188606 |
| ആകെ | 120898611 |
| ചെലവ് | 97666851 |

| | |
|---|---|
| നീക്കിയിരിപ്പ് | 23231760 |

# 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 138739733 | 129 | 79670421 | -0- | 59 | 68.61% |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 19247000 | 19247000 | 18527268 | 719732 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 12839000 | 12839000 | 10347702 | 2491298 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 42000 | 42000 | - | 42000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6895000 | 6895000 | 6887107 | 7893 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3921000 | 3921000 | 3921000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8933000 | 8933000 | 8929048 | 3952 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 11597002 | 11597002 | 11597002 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 0 | 1020167 | 1020167 | 180000 | 840167 |
| സാക്ഷരത | | 418471 | 14840 | 433311 | - | 433311 |
| ദുരിതാശ്വാസനിധി | | 102900 | 4305 | 107205 | 2000 | 105205 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 40469435 | 40469435 | 40469435 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 20970 | 1597500 | 1618470 | 1594875 | 23595 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | സംയോജിത ശിശു വികസന പദ്ധതി | 1146407 | 838075 | 1984482 | 1750170 | 234312 |
| | RSBY | - | 7198 | 7198 | - | 7198 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 505401 | 2571518 | 3076919 | 2047151 | 1029768 |
| | ജില്ലാ പഞ്ചായത്ത് | 80000 | 1942483 | 2022483 | 1928532 | 93951 |
| ബി ഫണ്ട് | | 0 | 505440 | 505440 | 505440 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് - മുണ്ടൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ) | 8364401 | 6736831 | 15101232 | 11277312 | 3823920 |
| | ട്രഷറി അക്കൗണ്ട് ICDS കേന്ദ്ര വിഹിതം ഉൾപ്പെടെ) | 106778 | 24482721 | 24589499 | 8429080 | 16160419 |
| മറ്റിനം | SBI – ഇ പെയ്മെന്റ് | 1589225 | 3531256 | 5120481 | 3011405 | 2109076 |

കുറിപ്പ് - സംയുക്ത പദ്ധതികളുടെ നീക്കിയിരുപ്പിൽ താഴെ പറയുന്ന തുകകൾ തനത് ഫണ്ട് ട്രഷറി അക്കൗണ്ടിൽ ഉൾപ്പെടുന്നു. ബാക്കി സംയുക്ത പദ്ധതിക്കായുള്ള ടി.എസ്.ബി അക്കൗണ്ടിലും ഉൾപ്പെടുന്നു.

ബ്ലോക്ക് പഞ്ചായത്ത് - 524367

ജില്ലാ പഞ്ചായത്ത് - 80000

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20970.44 | 1382693.10 | 1403663.54 | 1380067 | 23595.74 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -0- | 41636389.00 | 41636389.00 | 41636389.00 | -0- |
| | 20970.44 | 43019082.10 | 43040052.54 | 43016456.80 | 23595.74 |

തൻവർഷം അപേക്ഷിച്ച 134 പേർക്കും തൊഴിൽ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 175440 | 91 |
| കർഷകതൊഴിലാളി പെൻഷൻ | 14949600 | 863 |
| വിധവാപെൻഷൻ | 23951500 | 1413 |
| വാർദ്ധക്യകാലപെൻഷൻ | 35202600 | 2127 |
| വികലാംഗപെൻഷൻ | 6456900 | 368 |

തൻവർഷം ഗ്രാമപഞ്ചായത്തിൽ ലഭ്യമായ വിവിധ ക്ഷേമ പദ്ധതികളുടെ അപേക്ഷകളിന്മേലുള്ള നടപടികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | അപേക്ഷകരുടെ എണ്ണം | സമയപരിധിക്കുള്ളിൽ അനുവദിച്ച അപേക്ഷകളുടെ എണ്ണം | സമയപരിധി കഴിഞ്ഞ് അനുവദിച്ച അപേക്ഷകളുടെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|---|---|
| തൊഴിൽരഹിത വേതനം | -0- | -0- | -0- | -0- |
| കർഷകതൊഴിലാളി പെൻഷൻ | 14 | 8 | 3 | 3 |
| അഗതി പെൻഷൻ | 49 | 40 | 8 | 1 |
| വാർദ്ധക്യകാലപെൻഷൻ | 204 | 125 | 43 | 24 |
| വികലാംഗപെൻഷൻ | 32 | 20 | 7 | 4 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 3 | 3 | -0- | -0- |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

29.11.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 15,779/-ന്റെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.
വാർഷിക്കണക്കുകൾ തയ്യാറാക്കുന്നതിൽ കുറേക്കൂടി ശ്രദ്ധപതിപ്പിക്കേണ്ടതാണ്. മരാമത്ത് പ്രവർത്തികളുടെ എണ്ണം കുറവാക്കി പ്രോജക്ടുകളുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്. വിവിധ പെൻഷനുകളുടെ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. നിക്ഷേപ പ്രവർത്തികളുടെയും വിഹിതം നല്കുന്നതിന്റെയും ചെലവുകൾ പ്രത്യേകം നിരീക്ഷിക്കേണ്ടതും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.ഉദാഹരണമായി എബിസി പ്രോഗ്രാമിന് വേണ്ടി വികസനഫണ്ടുപയോഗിച്ച് ജില്ലാപഞ്ചായത്തിന് നല്കിയ 350000/- രൂപയുടെ(ബിൽ നം.16/18-19Dt.24.11.18) യൂട്ടിലൈസേഷൻ വിവരങ്ങൾ ലഭ്യമായിട്ടില്ല. കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണ്. പൊതുവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആകെ അയൽക്കൂട്ടങ്ങൾ | 317 |
| ആകെ അംഗങ്ങൾ | 6017 |
| ആകെ എം.ഇ യൂണിറ്റുകൾ | 21 |
| ആകെ കെ.എൽ.ജികളുടെ എണ്ണം | 33 |
| ലിങ്കേജ് വായ്പ്പയെടുത്ത അയൽക്കൂട്ടങ്ങളുടെ എണ്ണം | 316 |
| വയോജന അയൽക്കൂട്ടങ്ങളുടെ എണ്ണം | 19 |
| ഭിന്നശേഷി അയൽക്കൂട്ടങ്ങളുടെ എണ്ണം | 5 |
| വനിതാ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ | 1 |
| ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 201 |

തുടർ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി സ്ഥാപനത്തിന്റെ തനത് ഫണ്ട് വകയിരുത്തി 2 പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.2019 മുതൽ 12.11.2019 വരെ | ഒക്ടോബർ - 2019 | 12.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.5.06മുതൽ 7.6.06 വരെ | 1997-98 മുതൽ 2005-06 വരെ | 15.07.2006 |

# 1-11 തൊഴിൽനികുതി – അപാകതകൾ പരിഹരിക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ
കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി
ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും തെഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ജെ കെ എച്ച് ഫ്രൂട്ട്സ് | ഷാഹുൽ ഹമീദ് ടി പി | 8 |
| 2 | കടവത്ത് ബ്രിക്സ് & ട്രേഡേഴ്സ് | കെ കെ ഉമ്മർ | 3 |
| 3 | പെർഫക്റ്റ് ഇൻഡസ്ട്രീസ് | അബ്ദുൾ ഹകീം സി എസ് | 4 |
| 4 | പെർഫക്റ്റ് പൊളിമർ | അബ്ദുൾ ഹകീം സി എസ് | 4 |
| 5 | ഫാസ്റ്റ് ഫ്യൂവൽസ് | അബ്ദുൾ സലാം | 6 |
| 6 | സെൻട്രൽ റൈസ് മിൽ | എ എസ് നന്ദകുമാർ | 5 |
| 7 | ശ്രീനാരായണ അവിൽ മിൽ | ഹരിദാസൻ എ ബി | 3 |
| 8 | ശ്രീനാരായണ ഇൻഡസ്ട്രീസ് | ഉദയപ്രകാശ് എ ബി | 3 |
| 9 | ടവർ സിമെന്റ് പ്രൊഡക്ട്സ് | ബിന്ദു എം കെ | 3 |
| 10 | പന്തലിങ്ങൽ ഹോളോബ്രിക്സ് | വി എച്ച് മൊയ്തീൻകുട്ടി | 4 |
| 11 | ഗൗതം കൃഷ്ണ സ്വീറ്റ്സ് & ബേക്കറി | രാജേഷ് എം | 5 |
| | | | |

| | | | |
|---|---|---|---|
| 12 | അമ്പിളി ബിൽഡിംഗ് മെറ്റീരിയൽസ് | റെജി വർഗ്ഗീസ് | 6 |
| 13 | ഗ്രീൻ മൾട്ടിവുഡ് ആർട്ട് | ജ്യോതി പ്രകാശ് പി ആർ | 19 |
| 14 | ഇസെഡ് ഗ്രീൻ ഇന്റീരിയേഴ്സ് പ്രൈ. ലിമിറ്റഡ് | ജ്യോതി പ്രകാശ് പി ആർ | 10 |
| 15 | സെഡ് ഗ്രീൻ വിൻഡോസ് | ജ്യോതി പ്രകാശ് പി ആർ | 18 |
| 16 | അക്ബർ സോമിൽ | വി ഇ മുഹമ്മദ് റാഫി | 12 |
| 17 | ലക്ഷ്മി പേപ്പർ പ്രൊഡക്ട്സ് | പ്രേമലത എം വി | 3 |
| 18 | വെൽടെക് ഇൻഡസ്ട്രീസ് | റാഹില അക്ബർ | 5 |
| 19 | ഇ പി എം ട്രേഡേഴ്സ് | വി ഇ അക്ബർ | 9 |
| 20 | ആർദ്ര ട്രേഡേഴ്സ് | അജേഷ് മാത്യൂ | 4 |
| 21 | പാലക്കൽ ഇൻഡസ്ട്രീസ് | ശിവകുമാർ എ | 3 |
| 22 | ഹിമ എസ് | എം എസ് രവിചന്ദ്രൻ | 3 |
| 23 | ഗ്രാന്റ് കാർ ബൈക്ക് വാഷിംഗ്ഡീറ്റെയിലിംഗ് ആന്റ് സ്പാ | പ്രസാദ് ജയിംസ് | 4 |
| 24 | പീകോക്ക് ഫുഡ് പ്രൊസസ്സിംഗ് ലാബ് | സജിത്ത് വി വി | 3 |
| 25 | മുണ്ടക്കൽ സിമെന്റ് പ്രൊഡക്ട്സ് | അബ്രാഹം എം എസ് | 3 |
| 26 | ശ്രീവത്സം കാറ്ററിംഗ് | പി ടി അജേഷ്കുമാർ | 3 |
| 27 | സമത വില്ലേജ് പരിഷത് പ്രൊഡക്ഷൻ സെന്റർ | സെക്രട്ടറി | 5 |
| 28 | തുമ്പി ഹോളോബ്രിക്സ് & ടൈൽസ് | ബേബി സുജൻ | 6 |
| 29 | എം സ്ക്വയർ ഗ്രൂപ്പ് ഓഫ് ഡിറ്റർജന്റ്സ് | മഹേഷ് ഇ | 4 |
| 30 | അസോസിയേറ്റഡ് ഗ്രാനൈറ്റ് വേൾഡ് | സന്തോഷ് കെ | 3 |

| | | | |
|---|---|---|---|
| 31 | മലബാർ ടിംബേഴ്സ് | സി കെ അഹമ്മദ് | 4 |
| 32 | പാലാഴി അമൃതം ഫുഡ് സപ്ലിമെന്റ്സ് | ഹേമലത & സുവിത | 5 |
| 33 | ജി കെ ഹോം കെയർ | പ്രദീപ് ബി | 3 |
| 34 | ഭഗവതി ഇൻഡസ്ട്രീസ് | പരമേശ്വരൻ വി | 4 |
| 35 | ജോൺസൺ & ജോൺസൺ പാവിംഗ് ടൈൽസ് | നിമ്മി സ്റ്റാലിൻ & ബോണി കെ ബാബു | 6 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാനുള്ള
മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ബി. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി
ഈടാക്കി അറിയിക്കേണ്ടതാണ്.

1. നാഷണൽ യുവ കോ. സൊസൈറ്റി, മുണ്ടൂർ

2. അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ. സൊസൈറ്റി, മുണ്ടൂർ

3. അംബിക ഫിനാൻസ്, മുണ്ടൂർ

4. പി.എൻ.വൈ. സഭാ ഫിനാൻസ് ലിമിറ്റഡ്, മുണ്ടൂർ

<u>സി. വിമുക്ത ഭടൻമാരെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കി</u>

മുണ്ടൂർ എം.ഇ.എസ്. പ്രൈവറ്റ് ഐ.ടി.ഐ.യുടെ തൊഴിൽ റിട്ടേൺ പ്രകാരം സ്ഥാപനത്തിലെ പ്രിൻസിപാൾ ആയ ശ്രീ. വാസുദേവൻ പിയെ വിമുക്ത ഭടനായതിനാൽ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയത് ക്രമപ്രകാരമല്ല.
ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ആകെ വരുമാനം | | ഈടാക്കേണ്ട തൊഴിൽ നികുതി | |
|---|---|---|---|
| ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 93000 | 93000 | 750 | 750 |

<u>ഡി. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1. ബി.എസ്.എൻ.എൽ., മുണ്ടൂർ

2. മാവേലി സ്റ്റോർസ്, മുണ്ടൂർ

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ

4. നാഷണൽ യുവ കോ. സൊസൈറ്റി, മുണ്ടൂർ

5. അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ. സൊസൈറ്റി, മുണ്ടൂർ

6. അംബിക ഫിനാൻസ്, മുണ്ടൂർ

7. പി.എൻ.വൈ. സഭാ ഫിനാൻസ് ലിമിറ്റഡ്, മുണ്ടൂർ

ഇ. റേഷൻ കട, കള്ള് ഷോപ്പ് നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ
നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട, കള്ള് ഷാപ്പ് നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ
ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എഫ്. സബ് പോസ്റ്റ് ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി

1. മുണ്ടൂർ സബ് പോസ്റ്റ് ഓഫീസിലെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം 11 ജീവനക്കാരിൽ നിന്നായി 9350/- രൂപയും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം 5 ജീവനക്കാരിൽ നിന്നായി 4750/- രൂപയുമാണ് ഈടാക്കിയിട്ടുള്ളത്. രണ്ടാം അർദ്ധ വർഷത്തിൽ ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരാനുള്ള കാരണം റിട്ടേണിൽ വ്യക്തമാകിയിട്ടില്ല. ആയതിനാൽ സ്ഥാപനങ്ങളുടെ ഒന്നാം അർദ്ധ വർഷത്തെയും രണ്ടാം അർദ്ധ വർഷത്തെയും തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ച് ജീവനക്കാരുടെ എണ്ണത്തിൽ കുറവ് കാണുകയാണെങ്കിൽ ആയതിനുള്ള കാരണം റിട്ടേണിൽ രേഖപ്പെടുത്തി വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. എഴക്കാട് സബ് പോസ്റ്റ് ഓഫീസിലെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം 3 ജീവനക്കാരിൽ നിന്നായി 2250/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

ജി. രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിയിട്ടില്ല

അപ്പാരൽ ട്രൈനിംഗ് & ഡിസൈൻ സെന്ററിന്റെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം 2 ജീവനക്കാരിൽ നിന്നായി 1450/- രൂപയും, ഡെൻസ് & റൂഡ്സ് ഡെന്റൽ ക്ലിനിക്കിലെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ പ്രകാരം 3 ജീവനക്കാരിൽ നിന്നായി 1110/- രൂപയും തൊഴിൽ നികുതിയായി ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-12 പഞ്ചായത്ത് ലൈസൻസ് – അപാകതകൾ

# പരിഹരിക്കേണ്ടതാണ്

പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിക്കേണ്ടതാണ്</u>

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും 2017 ലെ കേരളാ ഇൻവെസ്റ്റമെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക 2ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ബി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകേണ്ടതാണ്</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്ന് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. റേഷൻ കടകൾ

2. കള്ള് ഷാപ്പുകൾ

3. നാഷണൽ യുവ കോ. സൊസൈറ്റി, മുണ്ടൂർ

4. അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ. സൊസൈറ്റി, മുണ്ടൂർ

5. അംബിക ഫിനാൻസ്, മുണ്ടൂർ

6. പി.എൻ.വൈ. സഭാ ഫിനാൻസ് ലിമിറ്റഡ്, മുണ്ടൂർ

<u>സി. കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും

വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/ തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# 1-13 കെട്ടിട വാടക – അപാകതകൾ പരിഹരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | വാടകകാരൻ | നിശ്ചയിച്ച വാടക | ഭരണ സമിതി തീരുമാനം നം, തീയതി |
|---|---|---|---|---|
| 1 | 7/630 | സെക്രട്ടറി, കുടുംബശ്രീ വനിത കാന്റീൻ | 650 | 5(3), 24.03.2018 |
| 2 | 7/550 | സെക്രട്ടറി, കുടുംബശ്രീ ഫോട്ടോസ്റ്റാറ്റ് സെന്റർ | 500 | 5(3), 24.03.2018 |
| 3 | 7/536 | കെ.എസ്.ഇ.ബി., മുണ്ടൂർ | 8671 | 7, 14.02.2018 |

കെട്ടിട വാടകയുമായി ബന്ധപ്പെട്ടുള്ള ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

എ) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിലല്ല കരാർ ചമച്ചിട്ടുള്ളത്. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) വാടക തുകയുടെ കൂടെ ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. നിയമ പ്രകാരമുള്ള വാടക തുകയിന്മേലുള്ള 18% ചരക്ക് സേവന നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 വസ്തു നികുതി കുടിശ്ശിക

# ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ 2018-19 ലെ വർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തു നികുതി ഇനത്തിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| | വസ്തു നികുതി | സർവ്വീസ് സെസ്സ് |
|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | 109055 | 8724 |
| റസിഡൻഷ്യൽ (അരിയർ) | 15974 | 1480 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 133040 | 10763 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 172068 | 13118 |
| ആകെ | 430137 | 34085 |

പട്ടിക പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 സ്ഥലം ലീസിന് നൽകിയത് - അപാകതകൾ പരിഹരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ അധീനതയിലുള്ള വഴക്കപ്പാറയിലെ 2 ഏക്ര സ്ഥലം പ്രൊപ്രൈറ്റർ, പ്ലാക്കൽ ബിൽഡിംഗ് മെറ്റീരിയൽസ് എന്ന സ്ഥാപനത്തിന് ലീസിന് നൽകിയതിന്റെ ഫയൽ പരിശോധിച്ചതിൻ പ്രകാരമുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് ലീസിന് നൽകിയിട്ടുള്ളത്. ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് ചട്ടം 8(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം IV ന്റെ മാതൃകയിൽ ലൈസൻസിയുമായി കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) കരാർ പ്രകാരം ലീസ് തുകയായ 2 ലക്ഷം രൂപ 26.12.2018 ലെ രസീത് നം. 118190500089 പ്രകാരം Rent on land/bunks എന്ന ശീർഷകത്തിൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ നിയമ പ്രകാരമുള്ള ചരക്ക് സേവന നികുതി 18% തുക ഈടാക്കിയിട്ടില്ല. ആയതിനാൽ ചരക്ക് സേവന നികുതി ഇനത്തിൽ 36000/- രൂപ ലൈസൻസിയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) 09.01.2018 ലെ ഭരണ സമിതിയുടെ സാധാരണ യോഗം തീരുമാന നം. 5(1) പ്രകാരം ലീസിന് കൊടുത്തിട്ടുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് നിയമപരമായി പഞ്ചായത്തിന്റെ അധീനതയിലാക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുവാനും തീരുമാനിച്ചിരുന്നു. ആയത് പ്രകാരം

പഞ്ചായത്തിൽ നിന്നും മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ 21.01.2018 ലെ സ.ഉ.(ആർടി) 166/2017/ത.സ്വ.ഭ.വ. പ്രകാരവും പെർഫോർമൻസ് ഓഡിറ്റ് & അസസ് മാനേജ്മെന്റ് മാനുവൽ അനുസരിച്ചും അസസ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി പഞ്ചായത്തിൽ രൂപീകരിച്ച് പഞ്ചായത്തിന്റെ ആസ്തികൾ ക്രമീകരിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 മരുന്ന് വാങ്ങൽ - മാർഗ്ഗരേഖ വ്യവസ്ഥകൾ പാലിച്ചില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ വിവിധ പ്രൊജക്ടുകൾക്ക് വേണ്ടി മരുന്നുകൾ വാങ്ങിയത് പാലക്കാട് സപ്ലൈക്കോ മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം., പേര് | ബിൽ നം., തീയതി | ഇൻവോയ്സ് നം./തീയതി | തുക | ബിൽ തുക |
|---|---|---|---|---|---|
| 1 | 19, മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ | 09/18-19, 25.09.2018 | PKD/1266/18/01.08.2018 | 31174.6 | 192052 |
| | | | PKD/1267/18/01.08.2018 | 34967.1 | |
| | | | PKD/1268/18/01.08.2018 | 28265 | |
| | | | PKD/1269/18/01.08.2018 | 27184.62 | |
| | | | PKD/1270/18/01.08.2018 | 27739 | |
| | | | PKD/1271/18/01.08.2018 | 22495.4 | |
| | | | PKD/1273/18/01.08.2018 | 20226.93 | |
| 2 | 146, മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ (സ്പിൽ ഓവർ) | 02/18-19, 21.05.2018 | PKD/2892/2017/08.02.2018 | 71041.3 | 94944 |
| | | | PKD/2901/2017/08.02.2018 | 15278.41 | |
| | | | PKD/3043/2017/22.02.2018 | 5262.18 | |
| | | | PKD/3044/2017/22.02.2018 | 2795.56 | |
| | | | PKD/3045/2017/22.02.2018 | 566.55 | |
| 3 | 17, പാലിയേറ്റീവ് രോഗികൾക്ക് മരുന്ന് വാങ്ങൽ | 20/18-19, 30.01.2019 | PKD/1634/2018/03.10.2018 | 44145.3 | 99999 |
| | | | PKD/1688/2018/10.10.2018 | 13465.55 | |
| | | | PKD/2323/2018/12.12.2018 | 20166.34 | |
| | | | PKD/2581/2018/08.01.2019 | 21809.7 | |
| | | | PKD/2582/2018/08.01.2019 | 412.44 | |

14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ മാർഗ്ഗരേഖ ഖണ്ഡിക 7.5.3(1) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാൻ അനുമതിയുള്ളൂ. മാർഗ്ഗരേഖ ഖണ്ഡിക 7.5.4 അനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രം ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുടെ ശുപാർശപ്രകാരം കാരുണ്യ/നീതി/ജൻഔഷധി മെഡിക്കൽ സ്റ്റോറുകളിൽ

നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി മേൽ പറയുന്ന മരുന്നുകൾ സപ്ലൈക്കോവിൽ നിന്നും വാങ്ങിയത് മാർഗ്ഗരേഖ വ്യവസ്ഥകളുടെ ലംഘനമാണ്. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രൊജക്ടുകളുടെ നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 പാല മരം ലേലം - നടപടിക്രമങ്ങൾ പാലിച്ചില്ല

വഴക്കപ്പാറ ശ്മശാന കോമ്പൗണ്ടിലെ അപകടാവസ്ഥയിലുള്ള പാല മരം ലേലം ചെയ്യുന്നതിനായി സോഷ്യൽ ഫോറസ്റ്റ് ഡിവിഷനിൽ നിന്നും ലഭിച്ചിട്ടുള്ള വാല്യുവേഷൻ തുക 28004/- രൂപ + GST 18% + FDT 5% (വാല്യുവേഷൻ നം. പി4-4008/2018, തിയതി - 20.10.2018). ഇതു പ്രകാരം 12.11.2018, 22.11.2018, 29.11.2018 എന്നീ തീയതികളിൽ ലേലം നടത്തുന്നതിന് പരസ്യം ചെയ്തെങ്കിലും മേൽ തുകയ്ക്ക് ലേലം കൊള്ളാൻ ആരും തന്നെ തയ്യാറായില്ല. ആഗസ്റ്റ് മാസത്തിലെ കാറ്റിലും മഴയിലും മരം സ്വകാര്യ വ്യക്തിയുടെ പറമ്പിലേക്ക് കടപുഴകി വീഴുകയും, ടി സ്ഥലത്തു നിന്ന് അടിയന്തിരമായി മരം നീക്കം ചെയ്യേണ്ടതിനാൽ 05.12.2018 ൽ ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 8(1) അനുസരിച്ച് 4000/- രൂപയിൽ കുറയാത്ത തുകയ്ക്ക് ലേലം നടത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ലേലം നടത്തി, 4250/- രൂപക്ക് മരം കൈമാറുകയും ചെയ്തു.

ലേലം കൊണ്ട തുകയിൽ നിന്ന് 5% ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ് (FDT) ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 14/7.12.19)

# 1-18 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകുമ്പോൾ പിഴ ഈടാക്കിയിട്ടില്ല.ആയത് ഈടാക്കേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The extension of time of completion that can be granted at a time shall not exceed 25% of the original time or six months whichever is less . The maximum extension that can be granted for a work shall be limited to half the original time of completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines for extension of time

| Period | Rate of fine |
|---|---|

| | |
|---|---|
| First Extension | 1% of the PAC subject to a minimum of Rs. 1000 and maximum of Rs. 5000 |
| Beyond First Extension | 2% of the PAC subject to a minimum of Rs. 2000 and maximum of Rs. 10000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>പ്രൊജക്ട് നമ്പരും പേരും: SO179/19,വാടക്കുന്ന് കുടിവെള്ള പദ്ധതി</u>

 അടങ്കൽ: 100000 ഫണ്ടിനം: (വികസന ഫണ്ട്-ജനറൽ)

 ചെലവ്: 69808 /- ബിൽ നം.26/18-19,തീയ്യതി. 26-7-18

 കരാർ നം.51/17-18/AE/LSGD/MDR...Dt:5-12-2017 -(PAC): 99660

 കരാറുകാരൻ:കെ. ഷഫീക്ക്

 സൈറ്റ് കൈമാറിയ തീയ്യതി . 5-12-2017

 കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 31-3-2018(പൂർത്തീകരണ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ പ്രകാരം) ( വർക്ക് ഓർഡർ ഹാജരാക്കിയിട്ടില്ല. എഗ്രിമെന്റ് റജിസ്റ്ററിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.)

 പൂർത്തീകരിച്ച തീയ്യതി: 7-5-2018 അളവു പുസ്തകം: 255/17-18

 ആകെ പ്രവൃത്തി മൂല്യം: 69808

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ (29ദിവസം) : 1000 (PACയുടെ 1%-minimum fine)

രണ്ടാമത്തെ കാലയളവ് നീട്ടൽ (7ദിവസം) : 1992 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 3992

ഈടാക്കിയത്: 167.

ആയതിനാൽ ഈടാക്കേണ്ടത്: 3825രൂ.

2. <u>പ്രൊജക്ട് നമ്പരും പേരും: SO159/19,കോട്ടപ്പള്ള കുടിവെള്ള പദ്ധതി</u>

 അടങ്കൽ: 700000 ഫണ്ടിനം: (വികസന ഫണ്ട്-എസ്.സി.പി)

 ചെലവ്: 649429 /- ബിൽ നം.71/18-19,തീയ്യതി. 22-12-18

 കരാർ നം.70/17-18/AE/LSGD/MDR...Dt:19-12-2017 -(PAC): 698641

 കരാറുകാരൻ:നൂറുൽ ഹമീദ്

 സൈറ്റ് കൈമാറിയ തീയ്യതി . 19-12-2017

 കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 19-6-2018

 പൂർത്തീകരിച്ച തീയ്യതി: 1-12-2018 അളവു പുസ്തകം: 21/17-18

ആകെ പ്രവൃത്തി മൂല്യം: 649429

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ ഒന്നര മാസം (45ദിവസം) : 5000(Maximum) (PACയുടെ 1%)

രണ്ടാമത്തെ കാലയളവ് നീട്ടൽ ഒന്നര മാസം (45ദിവസം) :10000 (Maximum) (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്:15000

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്: 15000രൂ.

3. <u>പ്രൊജക്റ്റ് നമ്പരും പേരും: S0173/19, കാവുപ്പറമ്പ് കുടിവെള്ളപദ്ധതി</u>

അടങ്കൽ: 400000 ഫണ്ടിനം: ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ്: 395649 /- ബിൽ നം.46/18-19,തീയ്യതി.17-11-2018

കരാർ നം.1 /17-18/AE/LSGD/MDR...Dt:23-10-2017 -(PAC): 398442 കരാറുകാരൻ: മധുസൂദനൻ

സൈറ്റ് കൈമാറിയ തീയ്യതി .31-10-2017

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 30-4-2018

പൂർത്തീകരിച്ച തീയ്യതി:10-5-2018 അളവു പുസ്തകം: 6/16-17

ആകെ പ്രവൃത്തി മൂല്യം: 395649

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ (ഒന്നര മാസം -45ദിവസം) : 3984 (PACയുടെ 1%) (ടാങ്കിനുള്ള സ്റ്റേജ് നിർമിക്കാൻ സൈറ്റ് കിട്ടാൻ വൈകിയതിനാലാണ് പ്രവൃത്തി പൂർത്തീകരണം വൈകിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തീരുമാനത്തിന് ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രോജക്റ്റ് ആവിഷ്കരിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മുമ്പ് സ്ഥലപരിശോധന നടത്തി സ്ഥലത്തിന്റെ ലഭ്യമാക്കൽ ഉറപ്പുവരുത്തിയിട്ടുമില്ല.)

ആകെ ഈടാക്കേണ്ടത്:3984

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്: 3984രൂ.

4. <u>പ്രൊജക്റ്റ് നമ്പരും പേരും: S0175/19, അമ്പാഴക്കുന്ന് കുടിവെള്ള പദ്ധതി</u>

അടങ്കൽ: 500000 ഫണ്ടിനം: ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ്: 499296രൂ. -- ബിൽ നം.38/18-19,തീയ്യതി. 29-9-2018

കരാർ നം.67/17-18/AE/LSGD/MDR...Dt:12-12-2017 -(PAC): 498237 കരാറുകാരൻ: നിഷാദ്.എം.എസ്.

സൈറ്റ് കൈമാറിയ തീയ്യതി .12-12-2017

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 11-6-2018

പൂർത്തീകരിച്ച തീയ്യതി: 29-8-2018 അളവു പുസ്തകം: 27/17-18, 29/17-18

ആകെ പ്രവൃത്തി മൂല്യം: 499296

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ -ഒന്നര മാസം (45ദിവസം) : 4982 (PACയുടെ 1%)

രണ്ടാമത്തെ കാലയളവ് നീട്ടൽ -ഒന്നര മാസം (45ദിവസം) : 9964(PACയുടെ 2%)

ആകെ ഈടാക്കേണ്ടത്:14946

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്: 14946രൂ.

5. <u>പ്രൊജക്റ്റ് നമ്പരും പേരും: S0180/19, പത്താം മൈൽ കുടിവെള്ളപദ്ധതി.</u>

അടങ്കൽ: 400000 ഫണ്ടിനം: ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ്: 399840രൂ. -- ബിൽ നം.34/18-19,തീയ്യതി. 27-9-2018

കരാർ നം.33 /17-18/AE/LSGD/MDR...Dt:17-11-2017 -(PAC): 400000 കരാറുകാരൻ: മധുസൂദനൻ

കൈമാറിയ തീയ്യതി . 17-11-2017

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 16-5-2018

പൂർത്തീകരിച്ച തീയ്യതി: 13-8-2018 അളവു പുസ്തകം: 25/17-18

ആകെ പ്രവൃത്തി മൂല്യം: 399840

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ (ആദ്യ 45ദിവസം) : 4000 (PACയുടെ 1%)

രണ്ടാമത്തെ കാലയളവ് നീട്ടൽ(44ദിവസം) :8000 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്:12000

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്: 12000രൂ.

6. <u>പ്രൊജക്റ്റ് നമ്പരും പേരും: S0131/19, ചെമ്പക്കര ബംഗ്ലാകുന്ന് കുടിവെള്ളപദ്ധതി</u>

അടങ്കൽ:1000000 ഫണ്ടിനം: ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ്: 997165രൂ. - 504772രൂ.-ബിൽ നം.36/18-19,തീയ്യതി.29-9-2018

492393രൂ.-ബിൽ നം.63/18-19,തീയ്യതി.14-12-2018

കരാർ നം.71 /17-18/AE/LSGD/MDR...Dt:19-12-2017 -(PAC): 999165 കരാറുകാരൻ: നൂറുൽ ഹമീദ്

സൈറ്റ് കൈമാറിയ തീയ്യതി .19-12-2017

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 18-5-2018

പൂർത്തീകരിച്ച തീയ്യതി: 24-10-2018 അളവു പുസ്തകം: 204/18-19, 191/18-19, 22/17-18

ആകെ പ്രവൃത്തി മൂല്യം:997165

ഈടാക്കേണ്ട പിഴ:

ആദ്യത്തെ കാലയളവ് നീട്ടൽ (ആദ്യ45ദിവസം) : 5000(Maximum)(PACയുടെ 1%)

രണ്ടാമത്തെ കാലയളവ് നീട്ടൽ( 45ദിവസം): 10000 (Maximum) (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്:15000

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്:15000രൂ.

7. <u>പ്രൊജക്റ്റ് നമ്പരും പേരും: S0148/19, പുന്നം കുളം റോഡ് ടാറിങ്ങ്</u>

അടങ്കൽ:400000 ഫണ്ടിനം: മെയിന്റനൻസ് ഗ്രാന്റ്(റോഡ്)

ചെലവ്: 400000. ബിൽ നം.31/18-19,തീയ്യതി.31-1-2018

കരാർ നം.43 /16-17/AE/LSGD/MDR...Dt:17-2-2017 -(PAC): 400000 കരാറുകാരൻ: പി. വി. കൃഷ്ണൻകുട്ടി

സൈറ്റ് കൈമാറിയ തീയ്യതി .17-2-2017

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 16-8-2017

പൂർത്തീകരിച്ച തീയ്യതി: 5-2-2018 അളവു പുസ്തകം: 5/16-17

ആകെ പ്രവൃത്തി മൂല്യം:400000

ഈടാക്കേണ്ട പിഴ: ആദ്യത്തെ കാലയളവ് നീട്ടൽ (ആദ്യ 45ദിവസം) : 4000 (PACയുടെ 1%)

രണ്ടാമത്തെ കാലയളവ് നീട്ടൽ :8000 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്:12000 (ബിറ്റുമിൻ ലഭ്യമാകാത്തതിനാലാണ് പൂർത്തീകരണം വൈകിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഇതിന് ഭരണസമിതിയുടെ തീരുമാനം ഇല്ല. കൂടാതെ ടാർ ലഭ്യമാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല.)

ഈടാക്കിയത്: ഇല്ല.

ആയതിനാൽ ഈടാക്കേണ്ടത്: 12000രൂ.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 9/16-12-2019 ന് ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ക്രമനം. 1 മുതൽ 7 വരെയുള്ള പ്രവൃത്തികളിൽ നിന്നും പിഴ ഇനത്തിൽ 76755 രൂ. കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്.

# 1-19 മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. ആയത്

# ഈടാക്കേണ്ടതാണ്

താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്.ബിറ്റുമിൻ ഉപയോഗിച്ചുകൊണ്ടുള്ള റോഡു പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ പല പ്രവൃത്തികളിലും ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടല്ല കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ബാരൽ വില പിന്നീട് ഈടാക്കിയിട്ടുള്ളതായി രേഖകൾ ഇല്ല. ആയതിനാൽ ഉപയോഗിച്ച ബാരലിന്റെ വില കണക്കാക്കി കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ചെലവ് - ബിൽ നമ്പർ - തുക | അളവു പുസ്തകം | എം.ബി. പ്രകാരം ഉപയോഗിച്ച ടാറിന്റെ അളവ് | ടാർ ബാരലിന്റെ വില | ജി.എസ്.ടി |
|---|---|---|---|---|---|---|
| 1 | SO148/19 പുന്നം കുളം കുന്ന് റോഡ് ടാറിംഗ്<br>(മെയിന്റനൻസ് ഫണ്ട് റോഡ്)<br>കരാറുകാരൻ : പി.വി.കൃഷ്ണൻകുട്ടി<br>അടങ്കൽ :400000 | 31/18-19/31-7-2018 തുക 400000 | 5/<br>16-17 | VG30- 2669.76 kg<br>RS1- 331.62 kg<br>ആകെ - 19ബാരൽ | 19x238= 4522 | 19x43= 817 |
| 2 | So75/19- കുട്ടൻ കാട് റോഡ് റീടാറിംഗ്<br>(മെയിന്റനൻസ് ഫണ്ട് റോഡ്)<br>കരാറുകാരൻ : പി.ബി. അബൂതാഹിർ<br>അടങ്കൽ :500000 | 40/18-19/31-1-2018 തുക 469788 | 185/<br>18-19 | VG30-4001.42 kg<br>RS1- 472.51 kg<br>ആകെ - 28ബാരൽ | 28x238=<br>6664 | 28x43 1204 |
| 3 | SO79/19- വെട്ടത്ത് റോഡ് അറ്റകുറ്റപ്പണികൾ<br>(മെയിന്റനൻസ് ഫണ്ട് റോഡ്)<br>കരാറുകാരൻ : പി.ബി. അബൂതാഹിർ<br>അടങ്കൽ :200000 | 78/18-19/13-3-2019 തുക 192295 | 184/<br>18-19 | VG30-1529.39 kg<br>RS1- 178.68 kg<br>ആകെ - 11ബാരൽ | 11x238= 2618 | 11x43= 473 |

| | | | | | | |
|---|---|---|---|---|---|---|
| 4 | SO165/19 നാമ്പുള്ളിപ്പുര സ്കൂൾ റോഡ് മെറ്റലിംഗും ടാറിംഗും (മെയിന്റനൻസ് ഫണ്ട് റോഡ്) കരാറുകാരൻ : എ.ആർ .മുരളീകൃഷ്ണൻ അടങ്കൽ :200000 | 16/18-19/30-5-2018 തുക 199860 | 14/ 17-18 | VG30-675.41 kg RS1- 88.03 kg SS1-272.09kg ആകെ - 8ബാരൽ | 8x238= 1904 | 8x43= 344 |
| 5 | SO148/19 കല്ലിപ്പാറ പാലക്കഴി റോഡ് ടാറിംഗ് (മെയിന്റനൻസ് ഫണ്ട് റോഡ്) കരാറുകാരൻ : പി.രാജേഷ് അടങ്കൽ :500000 | 86/18-19/15-3-2019 തുക 434113 | 209/18-19 | VG30-1712.59 kg RS1- 205.43 kg ആകെ - 13ബാരൽ | 13x238= 3094 | 13x43= 559 |
| 6 | SO181/19 ഒറ്റത്തേക്ക് മുതുകാട് റോഡ് ടാറിംഗ് (മെയിന്റനൻസ് ഫണ്ട് റോഡ്) കരാറുകാരൻ : പി.വി.കൃഷ്ണൻകുട്ടി അടങ്കൽ :1024000 | 18/18-19/30-5-2018 തുക 867326 | 23/ 17-18 | VG30-3580.644 kg RS1- 417.604 kg ആകെ - 26ബാരൽ | 26x238= 6188 | 26x43= 1118 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/17-12-2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഗ്രാമപഞ്ചായത്തിന് സംഭവിച്ച ആകെ നഷ്ടം 24990രൂപയും സംസ്ഥാന കേന്ദ്ര സർക്കാരുകൾക്ക് ജി.എസ്.ടി ഇനത്തിൽ നഷ്ടമായ തുക 4515രൂപയും ഉൾപ്പെടെ ആകെ 29505 രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-20 മരാമത്ത് പ്രവൃത്തികളിൽ എഗ്രിമെന്റുകൾ വൈകി വെച്ചിട്ടും നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല

2012ലെ പൊതുമരാമത്ത് മാന്വൽ പ്രകാരം ഭരണസമിത ഒരു പ്രവൃത്തിക്ക് ടെണ്ടർ അംഗീകരിച്ചാൽ 7ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് റജിസ്റ്റേർഡ് ആയി അയക്കണമെന്നും സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം (സെലക്ഷൻ നോട്ടീസ് അയക്കുന്ന തീയ്യതി മുതൽ ) എഗ്രിമെന്റ് വെയ്ക്കണമെന്നും ഇപ്രകാരം

ചെയ്യാത്ത പ്രവൃത്തികളിൽ തുടർന്ന് 10 ദിവസത്തിനകം പിഴയോടുകൂടി എഗ്രിമെന്റ് വെയ്ക്കണമെന്നും പൊതുമരാമത്ത് മാന്വലിൽ നിർദേശിക്കുന്നു. ഇപ്രകാരം ചെയ്യാത്ത ടെണ്ടറുകൾ റദ്ദാക്കണമെന്നും പുനർ ലേലം നടത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ സമയപരിധി വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, വിശദാംശങ്ങൾ | ബിൽ നം, തീയ്യതി, ചെലവ് തുക | ഭരണസമിതി തീരുമാനം ലഭ്യമായ തീയ്യതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് വെച്ച തീയ്യതി | ഈടാക്കേണ്ട പിഴ(കരാർ തുകയുടെ 1%) |
|---|---|---|---|---|---|
| കീഴ്പ്പാടം തെക്കേപ്പുറം റോഡ് കോൺക്രീറ്റിങ്ങ്<br>ഫണ്ടിനം- വികസന ഫണ്ട്(എസ്.സി.പി) .<br>അടങ്കൽ : 400000<br>കരാർ തുക: 380183<br>കരാറുകാരൻ: മുരളീകൃഷ്ണൻ | 89/18-19/ 27-3-2019,<br>രൂ.399564 | 10-8-2018 | 17-8-2018 | 11-9-2018 | 3801 |
| കിഴക്കേക്കര വെട്ടം റോഡ് കോൺക്രീറ്റിംഗ്<br>ഫണ്ടിനം- വികസന ഫണ്ട് എസ്.സി.പി .<br>അടങ്കൽ : 300000<br>കരാർ തുക: 299762<br>കരാറുകാരൻ: ബിനുക്കുട്ടൻ | 49/18-19/17-11-2018,<br>രൂ.300000 | 10-8-2018 | 17-8-2018 | 3-9-2018 | 2998 |
| ചളിർക്കാട് പാടത്തുംപള്ള റോഡ് കോൺക്രീറ്റിങ്ങ്<br>ഫണ്ടിനം- വികസന | 43/18-19/ 17-11-2018,<br>രൂ.300000 | 10-8-2018 | 17-8-2018 | 11-9-2019 | 2994 |

| | | | | | |
|---|---|---|---|---|---|
| ഫണ്ട്(എസ്.സി.പി) .<br><br>അടങ്കൽ : 300000<br><br>കരാർ തുക: 299419<br><br>കരാറുകാരൻ: മുരളീകൃഷ്ണൻ | | | | | |
| ആകെ | | | | | 9793 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/7-12-2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ഇനത്തിൽ സംഭവിച്ച നഷ്ടം 9793 രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-21 കാലാവധിക്കുള്ളിൽ എഗ്രിമെന്റ് ചെയ്തിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2012ലെ പൊതുമരാമത്ത് മാനുൽ പ്രകാരം ഭരണസമിത ഒരു പ്രവൃത്തിക്ക് ടെണ്ടർ അംഗീകരിച്ചാൽ 7ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് റജിസ്റ്റേഡ് ആയി അയക്കണമെന്നും സെലക്ഷൻ നോട്ടീസ് നൽകി 14ദിവസത്തിനകം (സെലക്ഷൻ നോട്ടീസ് അയക്കുന്ന തീയ്യതി മുതൽ ) എഗ്രിമെന്റ് വെയ്ക്കണമെന്നും ഇപ്രകാരം ചെയ്യാത്ത പ്രവൃത്തികളിൽ തുടർന്ന് 10 ദിവസത്തിനകം പിഴയോടുകൂടി എഗ്രിമെന്റ് വെയ്ക്കണമെന്നും പൊതുമരാമത്ത് മാനുലിൽ നിർദേശിക്കുന്നു. ഇപ്രകാരം ചെയ്യാത്ത ടെണ്ടറുകൾ റദ്ദാക്കണമെന്നും പുനർ ലേലം നടത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

| പ്രവൃത്തിയുടെ പേര്, വിശദാംശങ്ങൾ | ബിൽ നം, തീയ്യതി, ചെലവ് തുക | ഭരണസമിതി തീരുമാനം ലഭ്യമായ തീയ്യതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് വെയ്ക്കാവുന്ന അവസാന തീയ്യതി | എഗ്രിമെന്റ് വെച്ച തീയ്യതി |
|---|---|---|---|---|---|
| മാരിയമ്മ കോവിൽ ഗ്രൗണ്ട് റോഡ് കോൺക്രീറ്റിങ്ങ്<br><br>ഫണ്ടിനം- ധനകാര്യ കമ്മീഷൻ ഗ്രാന്റ് .<br><br>അടങ്കൽ : 200000 | 41/18-19/ 11-7-2018,<br><br>രൂ.200000 | 10-8-2018 | 17-8-2018 | 10-9-2018 | 24-9-2018 |

| | | | | | | |
|---|---|---|---|---|---|---|
| കരാർ തുക: 199427<br><br>കരാറുകാരൻ: മുരളീകൃഷ്ണൻ | | | | | | |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/7-12-2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം സാധുതയില്ലാത്ത കരാറുമായി പ്രവൃത്തി നിർവ്വഹിച്ചതിനാൽ ചെലവ് തുക 200000രൂ. തടസ്സപ്പെടുത്തുന്നു.

# 1-22 അർഹതയില്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നൽകി

പ്രൊജക്ട് നം – SO 112/19-പട്ടിക ജാതി വീടുകളിൽ പി വി സി വാട്ടർടാങ്ക് നൽകൽ
അടങ്കൽ- 267000 (വികസന ഫണ്ട് രൂ 200000 + ഗുണഭോക്തൃ വിഹിതം രൂ 67000 )
ചെലവ് – 198320.00 ( ബിൽ നം 5 തീ 26-2-19 രൂ 148740 + വൗച്ചർ നം 7 -3/19 രൂ 49580.00)
നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം 67 പട്ടിക ജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് മെ.പ്ലാസ്റ്റ്ബീ പോളിമേഴ്സ്, കഞ്ചിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് നികുതികളടക്കം 2960 രൂപ നിരക്കിൽ പി.വി.സി വാട്ടർ ടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നം T/6629/2018 തീ 24.1.19 സാക്ഷ്യപത്രപ്രകാരം മെ.പ്ലാസ്റ്റ്ബീ പോളിമേഴ്സ് വാട്ടർ ടാങ്ക് നിർമ്മാണ സ്ഥാപനമാണെന്നും, ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ ഉണ്ടെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിനെതുടർന്ന് ഇ എം ഡി, ടെണ്ടർ ഫോം വില എന്നിവ അടവാക്കുന്നതിൽ സ്ഥാപനത്തിന് ഒഴിവ് അനുവദിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.23 അനുസരിച്ച് ഉൽപ്പാദകർക്കാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ മെ.പ്ലാസ്റ്റ്ബീ പോളിമേഴ്സ് ടെണ്ടർ രേഖകളോടൊപ്പം ഹാജരാക്കിയിരിക്കുന്ന ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ് - ISI സാക്ഷ്യപത്രം മെ.പ്യൂർവെൽ ഇന്ത്യാ എക്സ്റ്റ്രൂറോറ്റോ പ്രൈവറ്റ് ലിമിറ്റഡ് , നാഗധനേഹള്ളി, ബാംഗ്ലൂർ എന്ന സ്ഥാപനത്തിന്റേതാണ്. ടെണ്ടർ പരസ്യത്തിലെ നിബന്ധന അനുസരിച്ച് സ്ഥാപനത്തിന്റെ ISI സാക്ഷ്യപത്രം മെ.പ്ലാസ്റ്റ്ബീ പോളിമേഴ്സ് ഹാജരാക്കാത്തതിനാൽ ടെണ്ടർ നിരസിക്കേണ്ടതായിരുന്നു. അനർഹമായ ആനുകൂല്യങ്ങൾ കൈപ്പറ്റിയ മെ.പ്ലാസ്റ്റ്ബീ പോളിമേഴ്സിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ 39 അങ്കണവാടികളിൽ 8 എണ്ണം മതിയായ സുരക്ഷ മുൻകരുതൽ ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. അസിസ്റ്റന്റ് എഞ്ചിനിയറുടെ സാക്ഷ്യപത്ര പ്രകാരം നമ്പുള്ളിപ്പാടം, നയ്യാംപാടം,പന്നിയംപാടം, പുനത്തിൽ,തലപ്പൊറ്റ, വേലിക്കാട് എന്നീ 6 അങ്കണവാടി കെട്ടിടങ്ങൾ അൺ ഫിറ്റ് ആയിരുന്നു. കൂടാതെ പാട്ടുതൊടി, എരഞ്ഞിപ്പാടം എന്നീ 2 അങ്കണവാടി കെട്ടിടങ്ങൾ ആസ്ബെറ്റോസ് മേൽക്കൂരയുള്ളവയുമായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആസ്ബെറ്റോസ് മേൽക്കൂരയുള്ള

കെട്ടിടങ്ങളിൽ പ്രവർത്തിപ്പിക്കുവാൻ പാടില്ലാത്തതാണ്. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സംബന്ധിച്ച് താഴെ പറയുന്ന ഉത്തരവുകൾ/സർക്കുലറുകൾ പ്രാബല്യത്തിലുണ്ട്.

1) തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22-3-2011 ലെ സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ ഖണ്ഡിക സി(1) ൽ എല്ലാ കലണ്ടർ വർഷവും മെയ് 10-നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാടികൾക്കും സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഖണ്ഡിക സി(2) പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2)സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 8-7-2016 ലെ ഉത്തരവ് നം CMRP/3048/01/LA1/2016/KeSCPCR പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ യാതൊരു പ്രീ പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കരുതെന്ന് വിധിച്ചിട്ടുണ്ട്.

3) തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ 30.12.2016 ലെ സർക്കുലർ നം.7824555/ഇ,ഡബ്ല്യു/2016/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർമാർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്ഥാപനങ്ങൾ / സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മോധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്,

കേരള പഞ്ചായത്ത് രാജ് നിയമം 3-ാം പട്ടിക പ്രകാരം 19 വിഷയ മേഖലകളിലെ 76 ചുമതലകൾ ഉള്ളതിൽ ആറ് മേഖലകളിലെ 19 ചുമതലകൾ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെതാണ്. ഇതിൽ ഒന്നാം ഇനമാണ് അങ്കണവാടികൾ നടത്തുക എന്നത്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ,അങ്കണവാടികൾ ഫിറ്റ്നെസ്സ് ഇല്ലാതെ പ്രവർത്തിക്കുന്നത് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും, ഭരണ വകുപ്പായ വനിതാ-ശിശു വികസന വകുപ്പ് അധികാരികളുടെയും വീഴ്ചയാണ്.

ഓഡിറ്റ് നിർദ്ദേശം

എ)അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സംബന്ധിച്ച നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

# 1-24 പി.വി.സി വാട്ടർ ടാങ്ക് പ്രൊജക്ടുകൾ -ഗുണനിലവാരം ഉറപ്പുവരുത്തണം

പ്രൊജക്ട് – പട്ടിക ജാതി വീടുകളിൽ പി വി സി വാട്ടർടാങ്ക് നൽകൽ
അടങ്കൽ- 267000 (വികസന ഫണ്ട് രൂ 200000 + ഗുണഭോക്തൃ വിഹിതം രൂ 67000 )
ചെലവ് – 198320.00 ( ബിൽ നം 5 തീ 26-2-19 രൂ 148740 + വൗച്ചർ നം 7 -3/19 രൂ 49580.00)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 6.6(5) ലെ വ്യവസ്ഥകൾക്കും, നിർദ്ദേശങ്ങൾക്കും വിധേയമായി മേൽ പ്രൊജക്ടുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ 67 പട്ടിക ജാതി കുടുംബങ്ങൾക്ക് 500 ലിറ്ററിന്റെ പി.വി.സി വാട്ടർ

ടാങ്കുകൾ വാങ്ങി നൽകിയിട്ടുണ്ട്. വാട്ടർ ടാങ്കുകൾ സപ്ലൈ ചെയ്തത് മെ.പ്ലാസ്റ്റ്ബീ പോളിമേഴ്സ്, കഞ്ചിക്കോട് എന്ന വാട്ടർ ടാങ്ക് നിർമ്മാണ സ്ഥാപനമാണ്. എന്നാൽ ടെണ്ടർ പരസ്യത്തിലെ നിബന്ധനയായ "ഉൽപന്നത്തിന് ഐ.എസ്.ഐ സാക്ഷ്യപത്രം വേണമെന്ന വ്യവസ്ഥക്ക്" ഈ സ്ഥാപനം നൽകിയിരിക്കുന്നത് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ്, ബാംഗ്ലൂർ ബ്രാഞ്ചിൽ നിന്നും മെ.പ്യൂർവെൽ ഇന്ത്യാ എക്സ്ട്രൂറോട്ടോ പ്രൈവറ്റ് ലിമിറ്റഡ് , നാഗഡനേഹള്ളി, ബാംഗ്ലൂർ എന്ന സ്ഥാപനത്തിന് ലഭിച്ചതാണ്. ഇത് സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്കു വിരുദ്ധവും, ക്രമപ്രകാരവുമല്ല . ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും, വാട്ടർ ടാങ്ക് പ്രൊജക്ടുകളിൽ ഐ.എസ്.ഐ സാക്ഷ്യപത്രം നിഷ്കർഷിക്കുമ്പോൾ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡാർഡ്സ് നൽകുന്ന IS 12701: 1996 മാർക്കും , ഗുണനിലവാരവും, ഫുഡ് ഗ്രേഡ് വിർജിൻ മെറ്റീരിയൽ ഉപയോഗിച്ച് നിർമ്മിച്ചതാണെന്നും ഉറപ്പുവരുത്തേണ്ടതാണ്.

# 1-25 ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ എെ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ടുകൾ പ്രകാരം പാലാഴി കുടുംബശ്രീ യൂണിറ്റ്, ലേബർ സ്കൂൾ,മുണ്ടൂർ-678631 (GSTIN: 32AAPFP8832J1ZS) എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര നമ്പർ | പ്രൊജക്ട് നം | ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | 62/19 ജനറൽ | 064 | 30.10.18 | 98200.00 |
| 2 | -do- | 069 | 30.10.18 | 52825.00 |
| 3 | -do- | 070 | 22.11.18 | 54546.00 |
| 4 | -do- | 072 | 22.11.18 | 110363.00 |
| 5 | -do- | 085 | 25.2.19 | 89641.00 |
| 6 | -do- | 086 | 25.2.19 | 50156.00 |
| 7 | -do- | 090 | 14.3.19 | 37222.00 |
| 8 | -do- | 091 | 14.3.19 | 99065.00 |
| 9 | 063/19 SCP | 065 | 30.10.14 | 24238.00 |
| 10 | -do- | 073 | 2.11.18 | 28905.50 |
| 11 | -do- | 077 | 28.12.18 | 52778.00 |
| 12 | -do- | 079 | 23.1.19 | 28905.50 |

| | | | | |
|---|---|---|---|---|
| 13 | -do- | 080 | 23.1.19 | 106159.00 |
| 14 | -do- | 081 | 23.1.19 | 47024.00 |
| 15 | -do- | 084 | 25.2.19 | 27254.00 |
| 16 | -do- | 089 | 14.3.19 | 34425.00 |
| ആകെ | | | | 941707.00 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം ഡി.എ1/87/2019 ത.സ്വ.ഭ .വ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുന്നതിന് എെ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ ക്രമപ്രകാരം നടപ്പിലാക്കേണ്ടതാണ്.

# 1-26 കാർഷിക പ്രൊജക്ടുകൾ -ഗുണഭോക്തൃവിഹിതം പിരിക്കുന്നത് ക്രമപ്രകാരമല്ല

കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി ഗുണഭോക്തൃവിഹിതം പ്രൊജക്ടിൽ ഉൾപ്പെടുത്തുകയും , ടി ആർ -5 രശീത് മുഖേന നേരിട്ട് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നേരിട്ട് അടവാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ടി ആർ -5 രശീത് മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു .

| ക്രമ നം | പ്രൊജക്ട് | വികസന ഫണ്ട് ചെലവ് | ഗുണഭോക്തൃ വിഹിതം | ആകെ ചെലവ് | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | പാടശേഖരം മുഖേന നെല്ലിന് വിത്ത് വിതരണം (നം :5/2019) | 391062.00 | 180120.00 | 571182.00 | നാഷണൽ സീഡ്സ് കോർപ്പറേഷൻ |
| 2 | പാടശേഖരം മുഖേന നെൽകർഷകർക്ക് പച്ചില വള വിത്ത് വിതരണം (നം :6/2019) | 100000.00 | 39500.00 | 139500.00 | റെയ്ഡ്കോ |
| 3 | സംയുക്ത പാടശേഖര സമിതിക്ക് നടീൽ | 200000.00 | 52000.00 | 252000.00 | റെയ്ഡ്കോ |

| | | | | | |
|---|---|---|---|---|---|
| | യന്ത്രം വാങ്ങൽ (8/2019) | | | | |
| 4 | വാഴ കൃഷി വികസന പദ്ധതി - ടിഷ്യൂ കൾച്ചർ (9/2019) | 50000.00 | 50000.00 | 100000.0 | വി.എഫ്.പി.സി.കെ |

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 2.6 ലെ വ്യവസ്ഥ അനുസരിച്ച് " ഉത്പാദനോപാധികളും യന്ത്രസാമഗ്രികളും അടക്കമുള്ള എല്ലാ മേഖലയിലേയും വസ്തുക്കൾ, ആസ്തികൾ മുതലായവ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകുന്ന സംഗതികളിൽ ഗുണഭോക്തൃ വിഹിതം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അടക്കണമെന്ന് " രേഖപ്പെടുത്തിയിട്ടുണ്ട്, പ്രൊജക്റ്റുകളുടെ ഗുണഭോക്തൃവിഹിതം 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് 20 (ബി) പ്രകാരം ഫോം നം. XXXIII രസീതി മുഖേന പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം ടി ആർ -5 രശീത് മുഖേന പിരിച്ച് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ ചെലവ് പത്രികകളിൽ പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ഇത് മൂലം വരുംവർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിനു ലഭിക്കേണ്ട വാർഷിക പദ്ധതി അടങ്കലിൽ കുറവ് വരുന്നതിന് കാരണമാവും. ഈ വിഷയത്തിൽ തുടർനടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-27 റെയ്ഡ്ക്കോയിൽ നിന്നുള്ള വാങ്ങലുകൾ -ക്രമ പ്രകാരമല്ല

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി , ഗ്രാമ പഞ്ചായത്തിലെ നെൽകർഷകർക്കു വേണ്ടി 1550കിലോ "ഡെയിഞ്ച" വിത്തും , സംയുക്ത പാടശേഖര സമിതിക്ക് "കുബോട്ട" നടീൽ യന്ത്രവും, റെയ്ഡ്ക്കോയിൽ നിന്നും ടെണ്ടർ നടപടി ക്രമങ്ങളില്ലാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | അടങ്കൽ | | ചെലവ് | കുറിപ്പ് |
|---|---|---|---|---|---|
| | | വികസന ഫണ്ട് ചെലവ് | ഗുണഭോക്തൃ വിഹിതം | | |
| 1 | പാടശേഖരം മുഖേന | 100000.00 | 39500.00 | 139500.00 | സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1(4) പ്രകാരം |

| | | | | | |
|---|---|---|---|---|---|
| | നെൽകർഷകർക്ക് പച്ചില വള വിത്ത് വിതരണം (നം :6/2019) | | | | നെല്ല് , പച്ചില വളം, വിത്തുകൾ മുതലായവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി , വി.എഫ്.പി.സി.കെ എന്നിവയിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| 2 | സംയുക്ത പാടശേഖര സമിതിക്ക് നടീൽ യന്ത്രം വാങ്ങൽ (8/2019) | 200000.00 | 52000.00 | 252000.00 | തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 10.11.2009 ലെ സർക്കുലർ നം 17166/എഎ3/09/ ത.സ്വ.ഭ.വ പ്രകാരം റെയ്ഡ്കോ സ്വന്തമായി നിർമ്മിക്കുന്ന യന്ത്ര സാമഗ്രികൾ മാത്രമേ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുവാൻ അനുമതിയുള്ളൂ. |

സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വാങ്ങലുകൾ നടത്തിയത് പ്രൊജക്ട് നിർവ്വഹണത്തിലെ വീഴ്ചയാണ്. ഈ വിഷയത്തിൽ തുടർ നടപടികൾക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

# 1-28 ഉപയോഗശൂന്യമായ കൊയ്ത്,നടീൽ യന്ത്രങ്ങൾ ലേലം നടത്തണം

മുൻ വർഷങ്ങളിലെ വാർഷിക പദ്ധതികളിലുൾപ്പെടുത്തി വാങ്ങി, സംയുക്ത പാടശേഖര സമിതിക്ക് കൈമാറിയതും, ഉപയോഗശൂന്യമായതുമായ കൊയ്ത്ത് യന്ത്രം, നടീൽ യന്ത്രം എന്നിവ ലേലം ചെയ്ത് കൈയ്യൊഴിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ കാർഷിക വികസന സമിതിയുടെ 4.8.18 ന് ചേർന്ന യോഗത്തിലെ 9-ാം നമ്പർ തീരുമാന പ്രകാരവും, പാടശേഖര കൺവീനർമാരുടെ 11.9.18 കൂടിയ യോഗത്തിലെ 2-ാം നമ്പർ തീരുമാന പ്രകാരവും, കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് കൃഷി ഓഫീസർ

27.9.19 ലെ എം.ഡി.ആർ18/18-19 കത്ത് മുഖേന ഭരണ സമിതിയുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ ഈകാര്യത്തിൽ പുരോഗതി ഉണ്ടായിട്ടില്ല.

ഉപയോഗശൂന്യമായ കൊയ്ത്ത് യന്ത്രം, നടീൽ യന്ത്രം എന്നിവ ലേലം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-29 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗരേഖകൾ ഹാജരാക്കണം

പ്രൊജക്ട് നമ്പർ 93/19പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി

അടങ്കൽ : പത്ത് ലക്ഷം (ഗ്രാമപഞ്ചായത്ത് വിഹിതം 250000/- +

സംസ്ഥാനാവിഷ്കൃതം 250000/- +

ഗുണഭോക്തൃ വിഹിതം 500000/-)

ചെലവ്- 250000 /-(ബിൽ നം 11 തീയതി 28-11-18)

നിർവഹണം- വെറ്ററിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 40 ഗുണഭോക്താക്കളുടെ വിഹിതമായ 250000/-രൂപ എസ്.എൽ.ബി.പി അസിസ്റ്റന്റ് ഡയരക്ടർ,പാലക്കാടിന് നെഫ്റ്റ് മുഖേന നൽകിയിട്ടുണ്ട്. കാലിത്തീറ്റ വിതരണം നടത്തുന്നതിന് തലയണക്കാട് ക്ഷീരോൽപാദക സഹകരണ സംഘത്തെ തെരഞ്ഞെടുത്തിട്ടുമുണ്ട്. തുക കൈപ്പറ്റിയതിനുള്ള രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല. കന്നുകുട്ടി പരിപാലനപദ്ധതി സംബന്ധിച്ച മാർഗരേഖ ജി.ഒ(എം.എസ്) 11/2001/ മൃഗസംരക്ഷണം തീയ്യതി 20-1-01 പ്രകാരം സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# 1-30 കായിക പരിശീലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രൊജക്ട് നമ്പർ- 183/2019

പ്രൊജക്ട് – കായിക പരിശീലനം

അടങ്കൽ : രൂ.100000.00 (വികസന ഫണ്ട്)

ചെലവ്- രൂ. 100000.00(ബിൽ നം 6 തീയതി 17.7.18)

നിർവഹണം-ഹെഡ് മിസ്ട്രസ്സ്

ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിനു വേണ്ടി ലക്ഷ്യമിട്ട, ഈ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) പ്രൊജക്ടിലെ 98% ചെലവും ഭക്ഷണ പദാർത്ഥങ്ങൾ വാങ്ങുന്നതിനു വേണ്ടിയാണ് ചെലവഴിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരമുള്ള വ്യവസ്ഥക്ക വിരുദ്ധമായി, ബാധകമായ വാങ്ങലുകൾ / സേവനങ്ങൾക്ക് സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്.

ബി) ഭാരത് കുടുംബ ശ്രീ വനിതാ കാന്റീൻ എന്ന സ്ഥാപനത്തിൽ നിന്നും 98000 രൂപയുടെ ഭക്ഷണം ഈ പ്രൊജക്ടിനു വേണ്ടി വാങ്ങിയിട്ടുണ്ട്. എന്നാൽ കുടുംബ ശ്രീ യൂണിറ്റിന്റെ ജോയിന്റ് അക്കൗണ്ടിലേക്ക് നേരിട്ട് പണം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനു പകരം ഗീത എന്ന വ്യക്തിക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്.

സി)പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ- സർക്കാർ ഉത്തരവ് (കൈ) 11/2018/ത.സ്വ.ഭ.വ തീയതി 29-1--2018 ഖണ്ഡിക 13 പ്രകാരം മോണിട്ടറിംങ്ങ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്കും, ചട്ടങ്ങൾക്കും വിരുദ്ധമായി പ്രൊജക്ട് നിർവ്വഹണം നടത്തിയത് സംബന്ധിച്ച് ഭരണ വകുപ്പ് മുഖേന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-31 കുട്ടികൾക്ക് കലാ കായിക മേള - സബ്സിഡി വ്യവസ്ഥകൾ പാലിച്ചില്ല

പ്രൊജക്ട് നമ്പർ- 101/2019

പ്രൊജക്ട് – കുട്ടികൾക്ക് കലാ കായിക മേള

അടങ്കൽ : രൂ.100000.00 (വികസന ഫണ്ട്)

ചെലവ്- രൂ. 100000.00(ബിൽ നം 4തീയതി31-12-18 രൂ85175.00 + ബിൽ നം 13തീയതി 26-2-19 രൂ14825.00 )

നിർവഹണം-ഹെഡ് മിസ്ട്രസ്സ്

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 8.4 പ്രകാരം ഉൽപാദനപരമല്ലാത്ത മേളകൾ, ക്യാമ്പുകൾ മുതലായവ വികസന ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുവാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു വിരുദ്ധമായി ഒരു ലക്ഷം രൂപ ചെലവഴിച്ച് കലാ കായിക മേള നടത്തിയത് ക്രമ പ്രകാരമല്ല

ബി) ഈ പ്രൊജക്ട് പ്രകാരമുള്ള താഴെ പറയുന്ന ചെലവുകൾ സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരമുള്ള വ്യവസ്ഥക്ക വിരുദ്ധമായി, ബാധകമായ വാങ്ങലുകൾ / സേവനങ്ങൾക്ക് സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | വിതരണം നടത്തിയ സ്ഥാപനം | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | ഭക്ഷണം | ഭാരത് കുടുംബ ശ്രീ വനിതാ കാന്റീൻ | 27778.00 |
| 2 | ലൈറ്റ് & സൗണ്ട് | രതീഷ് , എം.ആർ ലൈറ്റ് & സൗണ്ട് | 22966.00 |
| 3 | പ്രിന്റിംഗ് | അൻസാരി ഓഫ് സെറ്റ് പ്രിന്റേഴ്സ് | 24550.00 |
| 4 | ട്രോഫി | ട്രിച്ചൂർ ട്രോഫീസ് | 17502.00 |
| 5 | സ്റ്റേഷനറി | കുന്നത് സ്റ്റോഴ്സ് | 7207.00 |
| ആകെ | | | 100000.00 |

സി) ഭാരത് കുടുംബ ശ്രീ വനിതാ കാന്റീൻ എന്ന സ്ഥാപനത്തിൽ നിന്നും 27778 രൂപയുടെ ഭക്ഷണം കലാ കായിക മേളക്കായി വാങ്ങിയിട്ടുണ്ട്. എന്നാൽ കുടുംബ ശ്രീ യൂണിറ്റിന്റെ ജോയിന്റ് അക്കൗണ്ടിലേക്ക് നേരിട്ട് പണം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനു പകരം ഗീത എന്നയാളുടെ അക്കൌണ്ടിലേക്ക് തുക നൽകുകയാണ് ചെയ്തിരിക്കുന്നത്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ- സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച ഒരു ലക്ഷം രൂപ മതിയായ വിശദീകരണത്തിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് അന്വേഷണം നം 26 തീയതി 16.12.19)

# 1-32 ലൈഫ് ഭവന പദ്ധതി - തുക തിരികെ ഈടാക്കുന്നത്

പ്രൊജക്ട് നം 39/2019

ലൈഫ് ഭവന പദ്ധതി - എസ്.സി.പി

അടങ്കൽ- 60400000.00

ചെലവ് : 27360000.00

നിർവ്വഹണം: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മേൽ പ്രൊജക്ടിലെ ഗുണഭോക്താവായ ശ്രീമതി. ധനലക്ഷ്മി കുട്ടികൃഷ്ണൻ, മുണ്ടേക്കോട്, എഴക്കാട് എന്ന വ്യക്തിക്ക് ലൈഫ് ഭവന പദ്ധതി ഭവനനിർമ്മാണത്തിനായി 22.6.18 ന് കരാർ ചമക്കുകയും, ആദ്യ ഗഡുവായ നാൽപ്പതിനായിരം രൂപ ബിൽ നം: 3/ 27-7-18 പ്രകാരം നൽകുകയും ചെയ്തിരുന്നു. എന്നാൽ 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ ശ്രീമതി. ധനലക്ഷ്മിയുടെ കുടുംബം നിലവിൽ താമസിച്ചിരുന്ന വീടിന് നാശനഷ്ടമുണ്ടാവുകയും, ടിയാരിയുടെ ഭർത്താവായ ശ്രീ. കുട്ടികൃഷ്ണന്റെ പേരിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് റവന്യൂ വകുപ്പ് സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി. ധനലക്ഷ്മിക്ക് ലൈഫ് പദ്ധതിയിൽ നിന്നും നൽകിയ നാൽപ്പതിനായിരം രൂപ തിരികെ ഈടാക്കുവാൻ 19-12-18 ലെ LM/R-10/18 നമ്പർ കത്ത് മുഖേന ലൈഫ് മിഷൻ പാലക്കാട് ജില്ലാ കോ ഓർഡിനേറ്റർ , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറോട് നിർദ്ദേശിച്ചിരുന്നു.

തുടർന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 28.12.18, 5.1.19, 15.5.19 എന്നീ തീയതികളിൽ കത്ത് മുഖേനയും, നിരവധി തവണ നേരിട്ടും തുക തിരികെ അടവാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും, ശ്രീമതി. ധനലക്ഷ്മി തുക അടവാക്കിയില്ല. ഇത് സംബന്ധിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 22.5.19 ന് ഗ്രാമ പഞ്ചായത്ത്

സെക്രട്ടറിക്ക നൽകിയ കത്തിനെ തുടർന്ന് ഭരണസമിതിയുടെ 14.8.2019 ലെ 10(1) തീരുമാന പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

ഓഡിറ്റ് അന്വേഷണം നം.22 തീയതി 11.12.19 നെ തുടർന്ന് സെക്രട്ടറി റിക്വസ്റ്റ് നം.2019/9703/09 അനുസരിച്ച് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി അറിയിക്കേണ്ടതാണ്.

<u>ഭാഗം-2</u>

ഒന്നുമില്ല

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2)</u> <u>പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

# 3-1 മരാമത്ത് പ്രവൃത്തികളിൽ ടാർ ബാരലിന്റെ വില ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്.ബിറ്റുമിൻ ഉപയോഗിച്ചുകൊണ്ടുള്ള റോഡു പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ പല പ്രവൃത്തികളിലും ബിറ്റുമിൻ ബാരൽ വില ഈടാക്കിയിട്ടല്ല കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ബാരൽ വില പിന്നീട് ഈടാക്കിയിട്ടുള്ളതായി രേഖകൾ ഇല്ല. ആയതിനാൽ ഉപയോഗിച്ച ബാരലിന്റെ വില കണക്കാക്കി കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ചെലവ് - ബിൽ നമ്പർ - തുക | അളവു പുസ്തകം | എം.ബി. പ്രകാരം ഉപയോഗിച്ച ടാറിന്റെ അളവ് | ടാർ ബാരലിന്റെ വില | ജി.എസ്.ടി |
|---|---|---|---|---|---|---|
| 1 | S0148/19 പുന്നം കുളം കുന്ന് റോഡ് ടാറിംഗ്<br>(മെയിന്റനൻസ് ഫണ്ട് റോഡ്)<br>കരാറുകാരൻ : പി.വി.കൃഷ്ണൻകുട്ടി<br>അടങ്കൽ :400000 | 31/18-19/31-7-2018 തുക 400000 | 5/ 16-17 | VG30-2669.76 kg<br>RS1- 331.62 kg<br>ആകെ - 19ബാരൽ | 19x238= 4522 | 19x43= 817 |

| | | | | | | |
|---|---|---|---|---|---|---|
| 2 | So75/19- കട്ടൻ കാട് റോഡ് റീടാറിംഗ്<br>(മെയിൻ്റനൻസ് ഫണ്ട് റോഡ്)<br>കരാറുകാരൻ : പി.ബി. അബൂതാഹിർ<br>അടങ്കൽ :500000 | 40/18-19/31-1-2018 തുക 469788 | 185/<br>18-19 | VG30-4001.42 kg<br>RS1- 472.51 kg<br>ആകെ - 28ബാരൽ | 28x238=<br>6664 | 28x43=<br>1204 |
| 3 | SO79/19- വെട്ടത്ത് റോഡ് അറ്റകുറ്റപ്പണികൾ<br>(മെയിൻ്റനൻസ് ഫണ്ട് റോഡ്)<br>കരാറുകാരൻ : പി.ബി. അബൂതാഹിർ<br>അടങ്കൽ :200000 | 78/18-19/13-3-2019 തുക 192295 | 184/<br>18-19 | VG30-1529.39 kg<br>RS1- 178.68 kg<br>ആകെ - 11ബാരൽ | 11x238=<br>2618 | 11x43=<br>473 |
| 4 | SO165/19 നാമ്പുള്ളിപ്പുര സ്കൂൾ റോഡ് മെറ്റലിംഗും ടാറിംഗും<br>(മെയിൻ്റനൻസ് ഫണ്ട് റോഡ്)<br>കരാറുകാരൻ : എ.ആർ .മുരളീകൃഷ്ണൻ<br>അടങ്കൽ :200000 | 16/18-19/30-5-2018 തുക 199860 | 14/<br>17-18 | VG30-675.41 kg<br>RS1- 88.03 kg<br>SS1-272.09kg<br>ആകെ - 8ബാരൽ | 8x238=<br>1904 | 8x43=<br>344 |
| 5 | SO148/19 കപ്ലിപ്പാറ പാലക്കഴി റോഡ് ടാറിംഗ്<br>(മെയിൻ്റനൻസ് ഫണ്ട് റോഡ്)<br>കരാറുകാരൻ : പി.രാജേഷ്<br>അടങ്കൽ :500000 | 86/18-19/15-3-2019 തുക 434113 | 209/18-19 | VG30-1712.59 kg<br>RS1- 205.43 kg<br>ആകെ - 13ബാരൽ | 13x238=<br>3094 | 13x43=<br>559 |
| 6 | SO181/19 ഒറ്റത്തേക്ക് മുതുകാട് റോഡ് ടാറിംഗ്<br>(മെയിൻ്റനൻസ് ഫണ്ട് റോഡ്)<br>കരാറുകാരൻ : പി.വി.കൃഷ്ണൻകുട്ടി<br>അടങ്കൽ :1024000 | 18/18-19/30-5-2018 തുക 867326 | 23/<br>17-18 | VG30-3580.644 kg<br>RS1- 417.604 kg<br>ആകെ - 26ബാരൽ | 26x238=<br>6188 | 26x43=<br>1118 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 6/17-12-2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഗ്രാമപഞ്ചയാത്തിന് സംഭവിച്ച ആകെ നഷ്ടം 24990രൂപയും സംസ്ഥാന കേന്ദ്ര സർക്കാരുകൾക്ക് ജി.എസ്.ടി ഇനത്തിൽ നഷ്ടമായ തുക 4515രൂപയും ഉൾപ്പെടെ ആകെ 29505 രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 26-6-2019മുതൽ 29-06-2019വരെ | KSA-PKD/21/997/2019(45) Dt.26.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 926470 | ഉഴവ് കൂലി -ജനറൽ | 882840 | 43630- |
| | | 592151 | ലൈഫ് ഭവന പദ്ധതി-ജനറൽ | 592151 | -0- |
| | | 402897 | ലൈഫ് ഭവന പദ്ധതി -(എസ്.സി) | - | 402897 |
| | | 350000 | ലാപ്പ്ടോപ്പ് വിതരണം | 272160 | 77840 |
| | | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | -0- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 789225 | ഉഴവ് കൂലി -ജനറൽ | 780683 | 8542 |
| | | 1093258 | ലൈഫ് ഭവന പദ്ധതി-ജനറൽ | 1087849 | 5409 |
| | | 60000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 60000 | -0- |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആകെ | | 4514001 | | 3975683 | 538318 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്തിന്റെ എസ്സ്.സി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 21801294/18-19 | 300000/- | -0- | 300000/- (യുസി ലഭ്യമാക്കിയിട്ടില്ല) |
| -ടി- | ഇലട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | -ലഭ്യമായില്ല- | 25000/- | 13612/- | 11388/- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 21850725/-രൂപ വരവുണ്ട്. ആയതിൽ 21840000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജി.ഒ (എം.എസ്) 68/18 dt.18.5.18 | 21850725/- | -ഒന്നുമില്ല.- | 10725/- | -ഒന്നുമില്ല.- | 21840000/- |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ
ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2010-11 | 5.4.9 | CDS അക്കൗണ്ടിൽ - പദ്ധതി വിഹിതം | 19.07.18തീർപ്പാക്കി |
| 2002-03 | 3-2 | 2007-08 | 3.52 | ബസ്സ്റ്റാന്റ് കം ഷോപ്പിങ്ങ് കോമ്പ്ലക്സ് | ബൈലോ അംഗീകാരം ലഭിച്ചു. 18-19 പദ്ധതിയില് ബാക്കി പ്രവൃത്തികൾക്ക് വകയിരുത്തി. സമിതിയുടെ പരിഗണനയിൽ |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 110188606 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97666851 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29,505/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,00,000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-19 | ഒന്നുമില്ല | 29,505/- | ശ്രീമതി.ഷിജി,അസി.എഞ്ചിനീയർ |

**<u>ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 76,755/- | ശ്രീമതി.ഷിജി,അസി.എഞ്ചിനീയർ |
| 1-20 | 9,793/- | ശ്രീമതി.ഷിജി,അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2,00,000/- | ശ്രീമതി.ഷിജി,അസി.എഞ്ചിനീയർ |
| 1-31 | 1,00,000/- | ശ്രീമതി. കല്ല്യാണികുട്ടി.എൻ.വി. ഹെഡ്മിസ്ട്രസ് |

<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-19 | 4,515/- |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും</u>
<u>സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷിജി,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ മുണ്ടൂർ ഗ്രാമപഞ്ചായത്ത് | മിഥുൻ നിവാസ് Near GVHSS കഞ്ചിക്കോട് (PO) പാലക്കാട്-678623 |
| ശ്രീമതി. കല്ല്യാണികുട്ടി.എൻ.വി. ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.ഡ്ബ്ളിയു.എൽ.പി.സ്, എഴക്കാട് | പാറോണ്ട (H) കാരാകുറിശ്ശി(പി.ഒ) പാലക്കാട്-678595 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | KSA-PKD-17/777/17 DT.11.04.17 | ഒന്നുമില്ല | തീർപ്പാക്കി |
| 1997-98 | KSA-PKD-17/104/16 DT.08.04.16 | ഒന്നുമില്ല | തീർപ്പാക്കി |
| 1998-99 | KSA-PKD-17/289,1317/11 DT.19.11.11 | 15 | 17,20,25,29,30(1), 31, 32, 36, 37, 40, 42(3), 43(1), |
| 1999-00 | KSA-PKD-17/289,1317/11 DT.19.11.11 | 1 | 3 (2) |
| 2000-01 | KSA-PKD-17/775/16 DT.10.04.17 | ഒന്നുമില്ല | പദ്ധതി വിഹിതം |
| 2000-01 | KSA-PKD-17/889/15 DT.04.05.15 | ഒന്നുമില്ല | പദ്ധതി ഒഴികെ |
| 2001-02 | KSA-PKD-17/13816 DT.03.04.17 | 2 | 2(2), 3(1) |
| 2002-03 | KSA-PKD-17/774/16 DT.03.04.17 | 1 | 3(2) |
| 2003-04 | KSA-PKD17/1173/08 dt. 3.11.08 | 7 | 2-1, 2-3, 2-4, 2-6(1), 2-6(2), 3-1, 3-3 |
| 2004-05 | KSA-PKD-17/2087/14DT.23.05.15 | 6 | 3-1(1), 3-1(2), 3-2, 3-3, 3-4, 3-4(2) |
| 2005-06 | KSA-PKD-17/2087/14 DT.23.05.15 | 1 | 3-2 (1) |
| 2006-07 | KSA-PKD17/1499/2011 dt. 19.11.11 | 7 | 2-1, 3-1, 3-2, 3-3, 3-4(1), 3-4(2), 3-5 |
| | | | |

| | | | |
|---|---|---|---|
| 2007-08 | KSA-PKD17/43/11(4) dt. 15.11.11 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2008-09 | KSA-PKD17/1182/12 dt. 8.7.17 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2009-10 | KSA-PKD17/2566/14 dt. 4.5.15 | 10 | 2-1, 2-1 (1), 2-1 (2), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2010-11 | KSA-PKD-17/1897/15 Dt.16.01.16 | 5 | 2-2, 3-1, 3-4, 3-5, 3-6 |
| 2011-12 | KSA-PKD17/1582/18 | 10 | 2-6, 3-1, 3-5a, 3-5b, 3-6, 3-8, 3-10, 3-12, 3-13, 3-14 |
| 2012-13 | KSA-PKD-17/2132/16 DT.14.03.17 | 10 | 2-2, 2-3, 3-1, 3-2, 3-3, 3-5, 3-8, 3-9, 3-10, 3-13 |
| 2013-14<br>2014-15 | KSA-PKD17/1834/17 dt. 5.3.18 | 6 | 2-2, 2-6, 2-7, 3-1, 3-19, 3-20 |
| 2015-16 | KSA-PKD17/1092/18 dt. 7.6.18 | ഒന്നുമില്ല | തീർപ്പാക്കി |
| 2016-17 | KSA-PKD17/1370/18 dt. 13.9.18 | ഒന്നുമില്ല | തീർപ്പാക്കി |
| 2017-18 | KSA-PKD17/2495/ 18,dt.10-01-18 | 4 | 2-1,3-2,3-3,3-5 |

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി-21/997/2019(45 )

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മ:ുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം-1</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1) വസ്തുനികുതി - വാർഷിക കണക്ക് പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ്, സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നില്ല.

2) എം.ജി.എൻ.ആർ.ഇ.ജി.എസ് - കാഷ് ബുക്കിൽ വാർഷിക സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) അസി.എഞ്ചിനീയർ മുഖേനയുള്ള ഇ-ടെണ്ടർ ഫോം വിറ്റ വരവ് 46001/-രൂപ (ടെണ്ടർ ഫീ - 38984/-, ജി.എസ്.ടി - 7017/- രൂപ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് തനത് ഫണ്ടിൽ വരവ് വെയ്ക്കാതെ നിർവ്വഹണോദ്യോഗസ്ഥന്റെ പേർക്കുള്ള ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രസ്തുത ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) ആസ്തി രജിസ്റ്ററിലെ ഡാറ്റാ എൻട്രി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യത്തിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/967/2019(45)

Kerala State Audit Department

District Audit Office,Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

<u>Certificate</u>

Certified that I have examined the Annual Financial Statement of Mundur Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mundur Gramapanchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

Annexure – 1

Abstract of Defects/Discrepancies

1. Property tax – Arrear demand as per AFS is not in agreement with the annual abstract generated from sanchaya.

2. MGNREGS – Annual abstract not recorded in the cash book.

3. The value of E-tender receipts amounting to Rs.46001/- (tender fee – Rs.38984/-, GST – Rs.7017/- ) deposited in treasury on behalf of Asst. Engineer not included in the AFS. The treasury statement of the same not produced for verification.

4. The data entry pertaining to Asset register not linked to sankhya. Hence the correctness of the value of assets as per balance sheet could not be ascertained.

Deputy Director

# അനുബന്ധം-2 ഓഡിറ്റ് ചെയ്ത വരവ് ചെലവുകണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| Mundur Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10602745.00 |
| Cash | Cash | RP-40(a) | 107260.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1380520.00 |
| 130000000 | Rental income from Panchayat Properties | RP-3 | 200000.00 |
| 140000000 | Fees & User Charges | RP-4 | 603689.00 |
| 150000000 | Sale & Hire Charges | RP-5 | 102200.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 60751804.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 208252.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8118521.00 |
| 350000000 | Other Liabilities | RP-36 | 340443.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 337499.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 15480.00 |
| 311000000 | Earmarked Funds | RP-29 | 4305.00 |
| 330000000 | Secured Loans | RP-32 | 21850725.00 |
| 340000000 | Deposits Received | RP-34 | 138439.00 |
| 350000000 | Other Liabilities | RP-36 | 1863207.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 14115336.00 |
| 460000000 | Loans, Advances and Deposits | RP-47 | 158186.00 |
| | Grand total | | 120898611.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3343386.00 |
| 220000000 | Administrative Expenses | RP-12 | 1421371.00 |
| 230000000 | Operations & Maintenance | RP-13 | 1747416.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 8501125.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 23818608.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1220667.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 132653.00 |

| | | | |
|---|---|---|---|
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 704101.00 |
| 255000000 | Maintenance Projects | RP-20 | 9348576.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25000.00 |
| 280000000 | Prior Period item | RP-26 | -20.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 117200.00 |
| 350000000 | Other Liabilities | RP-36 | 5393602.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1256.00 |
| 311000000 | Earmarked Funds | RP-29 | 2000.00 |
| 340000000 | Deposits Received | RP-34 | 142926.00 |
| 350000000 | Other Liabilities | RP-36 | 3784769.00 |
| 410000000 | Fixed Assets | RP-38 | 14796068.00 |
| 440000000 | Pre-paid Expenses | RP-45 | 21840000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1326147.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23193844.00 |
| Cash | Cash | RP-40(b) | 37916.00 |
| | Grand Total | | 120898611.00 |

| Mundur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6355912.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 317576.00 |
| 140000000 | Fee & User Charges | I-4(b) | 697989.00 |
| 150000000 | Sale & Hire Charges | I-5(b) | 104300.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 164616047.00 |
| 171000000 | Interest Earned | I-8 | 208252.00 |
| 180000000 | Other Income | I-9 | 166400.00 |
| | Total Income | | 172466476.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10171186.00 |
| 220000000 | Administrative Expenses | I-11(b) | 1421371.00 |
| 230000000 | Operations & Maintenance | I-12(b) | 2397316.00 |
| 240000000 | Interest & Finance Charges | I-13 | 1256.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8858573.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 64639065.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1220667.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 132653.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 56911101.00 |
| 255000000 | Maintenance Projects | I-14(e) | 9348576.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 25000.00 |

| | | | |
|---|---|---|---|
| | Subsidies | | |
| 272000000 | Depreciation | I-17(a) | 7268612.00 |
| | Total Expenditure | | 162395376.00 |
| | Gross Surplus/ Deficit of income over Expenditure | | 10071100.00 |
| 280000000 | Prior Period Item | I-18 | 46145.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 10024955.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| | Mundur Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 41185851.33 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 105205.00 |
| 312000000 | Reserves | B-3 | 62053977.00 |
| | Total Reserve & Surplus | | 103345033.33 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2681991.00 |
| | Total Grants, Contributions for Specific Purposes | | 2681991.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 21850725.00 |
| | Total Loans | | 21850725.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 191695.00 |
| 350000000 | Other Liabilities | B-9 | 964967.09 |
| | Total Current Liabilities and Provisions | | 1156662.09 |
| | TOTAL LIABILITIES | | 129034411.42 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 93344643.00 |
| 411000000 | Accumulated Depreciation | B-11 | -10731434.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 82613209.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 451662.42 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 21840000.00 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 23231760.00 |
| 460000000 | Loans, Advances and Deposits | B-18 | 897780.00 |
| | | | |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 0.0 |
| | Total Current Assets, Loans and Advances | 46421202.42 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 129034411.42 |